**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3329 **19.10.2016**-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ധനസഹായം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന ധനസഹായം കൃത്യമായി യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം മാർഗ്ഗങ്ങൾ നിലവിലുണ്ട്; വ്യക്തമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന ധനസഹായം നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനാൽ ധനസഹായം യഥാർത്ഥ ഗുണഭോക്താവിന് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നുണ്ട്. ബാങ്ക് അക്കൗണ്ട് എടുക്കാത്ത പട്ടികവർഗ്ഗക്കാരെക്കൂടി കണ്ടെത്തി അക്കൗണ്ട് എടുപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീട് വയ്ക്കുന്നതിന് നിലവിൽ നൽകുന്ന ധനസഹായം എത്രയാണ്; | (ബി) | പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിന് 3,00,000/- രൂപയും ഇവരിലെ ഏറ്റവും പിന്നാക്കം നില്ക്കുന്ന ദുർബല വിഭാഗങ്ങൾക്ക് 3,50,000/- രൂപയും പട്ടികവർഗ്ഗക്കാർക്ക് വീട് വയ്ക്കുന്നതിന് 3,50,000/- രൂപയും അനുവദിക്കുന്നുണ്ട്. |
| (സി) | ഏറനാട് മണ്ഡലത്തിൽ നടപ്പ് വർഷം എത്ര പേർക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (സി) | ഏറനാട് മണ്ഡലത്തിൽ നടപ്പ വർഷം 56 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു (പട്ടിക താഴെ). ഈ മണ്ഡലത്തിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട ആർക്കും നടപ്പ വർഷം ധനസഹായം അനുവദിച്ചിട്ടില്ല. |

| ബ്ലോക്ക് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ഊർങ്ങാട്ടിരി | 8 |
| കീഴുപറമ്പ് | 4 |
| ചീക്കോട് | 6 |
| അരീക്കോട് | 6 |
| കാവനൂർ | 9 |
| കുഴിമണ്ണ | 8 |
| എടവണ്ണ | 11 |
| ചാലിയാർ | 4 |
| ആകെ | 56 |

സെക്ഷൻ ഓഫീസർ